**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 766** **30.01.2019 ലെ മറുപടിയ്ക്ക്**

## കടക്കെണിയിൽ അകപ്പെട്ട പട്ടികജാതി വിഭാഗക്കാർ

| **ചോദ്യം**<br>**ശ്രീ.പി.ടി.എ. റഹീം** | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|
| കടക്കെണിയിൽ അകപ്പെട്ട പട്ടികജാതി വിഭാഗക്കാർക്ക് ആശ്വാസമേകുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ? | സ.ഉ.(പി)നം. 24/2015/പജപവവിവ തിയതി 30/03/2015 പ്രകാരം പട്ടികജാതി വിഭാഗക്കാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതിൽ 31.03.2010 ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br>1. വാർഷിക കുടുംബ വരുമാനം 1.50 ലക്ഷം രൂപ വരെയുള്ളവർക്കുമാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ.<br>2. ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള |

| | |
|---|---|
| | ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളൂ.<br>3. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.<br>4. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31-03-2015 വരെയോ ഉള്ള പലിശ മാത്രമേ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളൂ.<br>മേൽ പദ്ധതി പ്രകാരം ഈ സർക്കാർ വന്നശേഷം 88.53 കോടി രൂപ ചെലവഴിച്ചു. 69413 പട്ടികജാതി വിഭാഗക്കാർക്ക് ഇതിലൂടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ